# കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ

L 2, കുലീന, TC 9/476, ജവഹർനഗർ, കവടിയാർ പി.ഒ, തിരുവനന്തപുരം-695003
Ph.No: 0471-2311215, 6238170312 Email: kswcfc@gmail.com Website: www.kswcfc.org

**2025-26** സാമ്പത്തിക വർഷത്തേയ്ക്ക് കേരള സംസ്ഥാനത്തെ സംവരണേതര സമുദായംഗങ്ങൾ ഉൾപ്പെട്ട സ്വയം സഹായ സംഘം/കൂട്ടുത്തരവാദിത്വ സംരംഭകത്വ ഗ്രൂപ്പ് (Self Help Group/Joint Liability Group) എന്നിവയ്ക്കുള്ള **''സംരംഭ സമുന്നതി''**- സ്വയം തൊഴിൽ വായ്പ - പലിശ സഹായ പദ്ധതിയിലേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു.

**അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 30/09/2025**

**പൊതു നിബന്ധനകൾ:**

- സംഘം (SHG/JLG) ആണ് അപേക്ഷ സമർപ്പിക്കേണ്ടത്.
- അപേക്ഷയിൽ പറഞ്ഞിരിക്കുന്ന എല്ലാവരും കേരള സംസ്ഥാനത്തിലെ മുന്നാക്ക വിഭാഗങ്ങളിലെ സംവരണേതര സമുദായ വിഭാഗങ്ങളിൽപ്പെട്ടവരായിരിക്കണം. (SSLC സർട്ടിഫിക്കറ്റിന്റെ ജാതി രേഖപ്പെടുത്തിയ പേജ് ഉണ്ടെങ്കിൽ അത് അല്ലെങ്കിൽ വില്ലേജ് ഓഫീസർ നൽകുന്ന ജാതി രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് (ഓരോ അംഗങ്ങളുടെയും) ഹാജരാക്കേണ്ടതാണ്).
- ഈ പദ്ധതിയുടെ ഭാഗമായി പലിശ സബ്സിഡി ലഭിക്കുന്ന വായ്പയ്ക്ക് മറ്റ് സർക്കാർ/സർക്കാർ ഇതര ഏജൻസികൾ, ബാങ്കുകൾ മുതലായവയിൽ നിന്നും സബ്സിഡിയോ അനുബന്ധ ആനുകൂല്യങ്ങളോ ലഭിച്ചിട്ടുണ്ടാകരുത്.
- അപേക്ഷയിൽ പറഞ്ഞിരിക്കുന്ന സംഘാംഗങ്ങളുടെ **ഓരോരുത്തരുടേയും കുടുംബ വാർഷിക വരുമാനം നാല് ലക്ഷം (4,00,000/-)** രൂപയിൽ അധികമാകാൻ പാടില്ല (വില്ലേജ് ഓഫീസർ നൽകുന്ന കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ് (ഓരോ അംഗങ്ങളുടെയും) ഹാജരാക്കേണ്ടതാണ്). **(വ്യക്തിഗത വാർഷിക വരുമാന സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല).**
- അപേക്ഷയിൽ പറഞ്ഞിരിക്കുന്ന സംഘാംഗങ്ങൾ ഓരോരുത്തരും ഉൾപ്പെടുന്ന പുതിയ റേഷൻ കാർഡിന്റെ പകർപ്പ് (സിവിൽ സപ്ലൈസ് വകുപ്പ് മുഖേന ഏറ്റവും ഒടുവിൽ ലഭ്യമായിട്ടുള്ളത്) നിർബന്ധമായും ഹാജരാക്കേണ്ടതാണ്..
- **പദ്ധതിക്കായി സമർപ്പിക്കേണ്ട രേഖകൾ/സർട്ടിഫിക്കറ്റുകളിൽ അപേക്ഷകരുടെ പേര് വിവരമടക്കമുള്ളവയിൽ വ്യത്യാസമുള്ള പക്ഷം, ആയത് പരിഹരിക്കുന്നതിനുതകുന്ന 'One & the Same സർട്ടിഫിക്കറ്റ്' അപേക്ഷയോടൊപ്പം നിർബന്ധമായും ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇത്തരം വ്യത്യാസങ്ങളടങ്ങുന്ന രേഖകൾ/ സർട്ടിഫിക്കറ്റുകൾ ഉൾക്കൊള്ളുന്ന അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്.**
- **2024-25** സാമ്പത്തിക വർഷം വായ്പ എടുത്ത സംഘത്തിലെ അംഗങ്ങൾക്ക് മാത്രമേ പലിശ സഹായത്തിന് അർഹതയുള്ളൂ.
- ഒരു സംഘത്തിന് **6 ലക്ഷം** രൂപ വരെയുള്ള വായ്പയ്ക്ക് മാത്രമേ സംഘത്തിലെ അംഗങ്ങൾക്ക് പലിശ സഹായം ലഭിക്കുകയുള്ളൂ. വായ്പാ തുകയുടെ **5%** ആയിരിക്കും പലിശ സഹായമായി ലഭിക്കുക. (പരമാവധി **30,000/-** രൂപ)

- പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷ അനുബന്ധ രേഖകൾ ഉൾപ്പെടെ വ്യക്തമായ ശുപാർശ കൾ സഹിതം സന്നദ്ധ സംഘടനകളിൽ നിന്നും **30/09/2025** ന് മുമ്പ് മുന്നാക്ക സമു ദായ ക്ഷേമ കോർപ്പറേഷൻ ഓഫീസിൽ ലഭ്യമാക്കണം.
- സർക്കാരിൽ നിന്നുള്ള ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച്, അർഹതയുള്ള അപേക്ഷകളിൽ ആദ്യം ലഭിക്കുന്ന അപേക്ഷകൾ ആദ്യം പരിഗണിക്കുക എന്ന മാനദണ്ഡം അനുസരിച്ചാണ് ധനസഹായത്തിനുള്ള ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നത്.
- ഒരു സംഘത്തിലെ എല്ലാ അംഗങ്ങൾക്കും ആനുകൂല്യം ലഭിക്കുന്നുവെങ്കിൽ സംഘത്തിന്റെ എസ്.ബി അക്കൗണ്ടിലേയ്ക്ക് പലിശ സഹായം, ഡയറക്ട് ബനിഫിറ്റ് ട്രാൻസ്ഫർ (DBT) സംവിധാനം മുഖേന കോർപ്പറേഷൻ നേരിട്ട് നൽകുന്നതായിരി ക്കും.
- സംഘത്തിലെ മുഴുവൻ അംഗങ്ങൾക്കും ആനുകൂല്യത്തിന് അർഹതയില്ലായെങ്കിൽ അർഹതയുള്ളവർക്കുള്ള തുക മാത്രമേ സംഘത്തിന്റെ എസ്.ബി.അക്കൗണ്ടിലേയ്ക്ക് നൽകുകയുള്ളൂ. അനുവദിച്ച തുക, ഓരോ അംഗത്തിനും അവരുടെ വായ്പയുടെ തോത് അനുസരിച്ച് സംഘം ചെക്ക് മുഖേന വീതിച്ചു നൽകേണ്ടതാണ്.
- ലിങ്കേജ് വായ്പയ്ക്കുള്ള ക്രഡിറ്റ് പ്ലാൻ അനുസരിച്ചുള്ള തുക അംഗങ്ങൾ യഥാർത്ഥ ത്തിൽ എടുത്തത് അനുസരിച്ചു വേണം അപേക്ഷയിൽ വായ്പ തുക കാണിക്കാൻ. ഇത് സന്നദ്ധ സംഘടനക്ക് ബോധ്യപ്പെട്ടിരിക്കണം.
- ഗ്രൂപ്പ് വായ്പ എടുക്കുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പിലെ എല്ലാ അംഗങ്ങൾക്കും പലിശ സബ്സിഡി അർഹതയില്ലാതിരുന്നാൽ മൊത്തം വായ്പയിൽ ഓരോരുത്തർക്കു മുള്ള വായ്പ തുക എത്രയെന്ന് അപേക്ഷയിൽ കാണിക്കണം. ഇത് സന്നദ്ധസംഘ ടനയ്ക്ക് ബോധ്യപ്പെട്ടിരിക്കണം.
- ഈ പദ്ധതി പ്രകാരം ഒരു സംരംഭത്തിനായി സബ്സിഡി ആനുകൂല്യം ലഭിക്കുന്ന വ്യക്തികൾ/ സംഘങ്ങൾ അതേ സംരംഭത്തിനായി മറ്റ് കേന്ദ്ര-സംസ്ഥാന സർക്കാരുക ളുടെ പലിശ സബ്സിഡി ആനുകൂല്യത്തിനായി അപേക്ഷിക്കുവാൻ പാടുള്ളതല്ല.
- അപേക്ഷ പൂർണ്ണമായും പൂരിപ്പിച്ചിരിക്കണം. അപേക്ഷയോടൊപ്പം നിർബന്ധമായും ഉള്ളടക്കം ചെയ്യേണ്ടുന്ന രേഖകൾ ഉൾപ്പെടുത്താത്തതും, അപൂർണ്ണവുമായ അപേക്ഷ കൾ നിരസിക്കുന്നതായിരിക്കും.
- ഭരണ സൗകര്യാർത്ഥം മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിന് കോർപ്പറേഷന് അധികാരമുണ്ടായിരിക്കും. ധനസഹായം നൽകുന്നത് സംബന്ധിച്ച കോർപ്പറേഷന്റെ തീരുമാനം അന്തിമമാണ്.
- അപേക്ഷാഫാറവും വിശദവിവരങ്ങളും www.kswcfc.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷ, അനുബന്ധ രേഖകൾ, നിശ്ചിത മാതൃകയിലുള്ള സംഘം സർട്ടിഫിക്കറ്റ്, സന്നദ്ധ സംഘടന സർട്ടിഫിക്കറ്റ്, ബാങ്ക് സർട്ടിഫിക്കറ്റ് എന്നിവയോ ടൊപ്പം പാസ്ബുക്കിന്റെ ഒന്നാം പുറത്തിന്റെ വ്യക്തമായ പകർപ്പ് ഉൾപ്പെടുത്തി ബന്ധപ്പെട്ട സന്നദ്ധസംഘടനകൾ വഴി (NGO) **2025 സെപ്റ്റംബർ മാസം 30** ന് മുമ്പ് താഴെ പറയുന്ന വിലാസത്തിൽ ലഭ്യമാക്കണം.

**മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ,**

**L 2, കുലീന, ജവഹർനഗർ, കവടിയാർ പി.ഒ, തിരുവനന്തപുരം-695003.**